# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4520 — 25.10.2016 ൽ മറുപടിയ്ക്ക്

**സഹകരണ രംഗത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന സംസ്ഥാനതല ബാങ്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.തോമസ് ചാണ്ടി<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ സഹകരണ രംഗത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സംസ്ഥാനതല ബാങ്കിന്റെ നടപടി ക്രമങ്ങൾ എത്രത്തോളമായി എന്ന് വിശദമാക്കുമോ; | (എ) പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) അതിനായി സ്പെഷ്യൽ ഓഫീസർ നിയമനം, സാദ്ധ്യതാപഠനം, വിശദമായ പദ്ധതിരേഖ തയ്യാറാക്കൽ എന്നിവ പൂർത്തിയായോ; ഇതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ; | (ബി) കേരള സഹകരണ ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാനായി ബംഗളൂരു ഐ.ഐ.എം. പ്രൊഫസർ ശ്രീ.എം.എസ്. ശ്രീറാം ചെയർമാനായി 5 അംഗ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (സി) പുതിയതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന പ്രസ്തുത ബാങ്കിൽ പ്രാഥമിക സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സർക്കാർ, പ്രവാസികൾ, കേരളത്തിലെ പൊതുജനങ്ങൾ എന്നിവർക്ക് നൽകാൻ ഉദ്ദേശിക്കുന്ന ഓഹരി വിഹിതത്തിന്റെ ഘടന സംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കുമോ; | (സി) യും (ഡി) യും ഇത് സംബന്ധിച്ച് തീരുമാനം ആയിട്ടില്ല. |

(ഡി) അന്താരാഷ്ട്ര സഹകരണ ബാങ്കായ റാബോ ബാങ്ക്, പുതുതായി രൂപീകരിക്കപ്പെട്ട ബ്രിക്സ് ബാങ്ക് എന്നിവ പോലുള്ള അന്താരാഷ്ട്ര ബാങ്കുകളുടെ സാമ്പത്തിക സാങ്കേതിക സഹകരണം ഇതിന് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള എൻ.സി.ഡി.സി., ഐ.ആർ.എം.എ. (Institute of Rural Management, Ahammedabad), ഐ.ബി.ആർ.ഡി. എന്നിവയുടെ സാങ്കേതിക സഹായം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും, ഈ ബാങ്ക് ഏതൊക്കെ മേഖലകളിലാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ;

(ഇ) ഈ ബാങ്കിനെ മറ്റ് പൊതുമേഖലാ ബാങ്കുകളിൽ നിന്ന് ഏതൊക്കെ രീതിയിലാണ് വ്യത്യസ്തമാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(ഇ) മറ്റു വാണിജ്യ/പൊതുമേഖലാ ബാങ്കുകളിൽ നിന്ന് വ്യത്യസ്തമായി കാർഷിക, പരമ്പരാഗത തൊഴിൽ, സ്വയം തൊഴിൽ മേഖലകളിലടക്കം സംസ്ഥാനത്തിന്റെ വികസനത്തിൽ ശക്തമായ കുതിച്ചു ചാട്ടം സാധ്യമാക്കുന്ന പദ്ധതികളിൽ നിർണ്ണായക പങ്ക് വഹിക്കുന്ന, പ്രൈമറി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സംഘങ്ങളുടെ/ ബാങ്കുകളുടെ അപ്പക്സ് സ്ഥാപനമായ ഒരു സഹകരണ ബാങ്കായിരിക്കും കേരള സഹകരണ ബാങ്ക്. സംസ്ഥാനത്ത് സമാഹരിക്കുന്ന നിക്ഷേപം മുഴുവൻ സംസ്ഥാനത്തിന്റെ വികസനത്തിനായി വിനിയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ